**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2040** **09-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസകിരണം, സ്നേഹപൂർവ്വം, സമാശ്വാസം, വയോമിത്രം, താലോലം, മിഠായി എന്നീ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഓരോ പദ്ധതിക്കും കീഴിൽ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളിൽ നിലവിൽ എത്രമാത്രം കുടിശ്ശികയുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ; | (എ) | **ആശ്വാസകിരണം, സ്നേഹപൂർവ്വം, സമാശ്വാസം, വയോമിത്രം, താലോലം, മിഠായി എന്നീ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഓരോ പദ്ധതിക്കും കീഴിൽ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളിൽ നിലവിലുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത പദ്ധതികളുടെ കീഴിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | **പ്രസ്തുത പദ്ധതികളുടെ കീഴിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതും സംബന്ധിച്ച വിശദ വിവരം അനുബന്ധം-II ആയി ചേർക്കുന്നു.** |
| (സി) | പ്രസ്തുത പദ്ധതികളിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക ആനുകൂല്യങ്ങൾ എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയും എന്നറിയിക്കാമോ; | (സി) | **<u>ആശ്വാസകിരണം</u>**<br><br>**2022-2023 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിലെ ആദ്യ ഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെ കുടിശ്ശികയും ബാക്കി 7 ജില്ലകളിൽ 4 മാസത്തെ കുടിശ്ശികയും ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് ധനസഹായമായി അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.**<br><br>**<u>സ്നേഹപൂർവ്വം പദ്ധതി</u> :**<br><br>**പദ്ധതി പ്രകാരമുള്ള കുടിശ്ശിക വിതരണം ചെയ്യുവാൻ അധിക ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.** |

| | | | |
|---|---|---|---|
| | | | **<u>സമാശ്വാസം :</u>**<br><br>**കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br>**<u>വയോമിത്രം</u> - കുടിശ്ശികയില്ല**<br><br>**<u>താലോലം</u> - കുടിശ്ശികയില്ല**<br><br>**<u>മിഠായി</u> - കുടിശ്ശികയില്ല** |
| (ഡി) | മേൽപ്പറഞ്ഞ ഓരോ പദ്ധതികളുടെയും അർഹത മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ഡി) | ആശ്വാസകിരണം, സ്നേഹപൂർവ്വം, സമാശ്വാസം, വയോമിത്രം, താലോലം, മിഠായി എന്നീ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ മാനദണ്ഡങ്ങൾ **അനുബന്ധം-III ആയി** ചേർക്കുന്നു. |
| (ഇ) | രോഗാതുരരായ കുട്ടികൾക്കായി നടപ്പിലാക്കുന്ന ആശ്വാസകിരണം, സ്നേഹപൂർവ്വം, താലോലം, മിഠായി എന്നിവയിൽ എ.പി.എൽ., ബി.പി.എൽ. വേർതിരിവില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് പരിഗണിക്കുമോ? | (ഇ) | ആശ്വാസകിരണം, സ്നേഹപൂർവ്വം പദ്ധതികളിൽ എ.പി.എൽ., ബി.പി.എൽ. വേർതിരിവില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. താലോലം പദ്ധതിയിൽ എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് സഹായം നൽകി വരുന്നുണ്ട്. മിഠായിപദ്ധതി മാനദണ്ഡപ്രകാരം അപേക്ഷകന്റെ വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയായിരിക്കണം. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-III

**ആശ്വാസകിരണം മാനദണ്ഡങ്ങൾ :**

- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.
- വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി .പി.എൽ റേഷൻകാർഡ് / വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.
- അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
- വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റുക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.

അപേക്ഷകൾ സാമൂഹ്യ നീതി വകുപ്പിലെ സി ഡി പി ഒ , സൂപ്പർവൈസർമാർ, അംഗനവാടി വർക്കർമാർ എന്നിവരിൽ നിന്നും , സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ് . പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻ വാടികളിലോ/ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.

**സ്നേഹപൂർവ്വം പദ്ധതി മാനദണ്ഡം :**

- മാതാപിതാക്കൾ മരിച്ച കുട്ടികൾ /മാതാപിതാക്കളിൽ ഒരാൾ മരിച്ചു പോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ടുമൂലം കുട്ടിയെ സ്വകുടുംബങ്ങളിൽ നിർത്തി സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ കുട്ടിയെ കുടുംബാംഗങ്ങൾ തന്നെ സ്വഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നതിനാണ് പ്രതിമാസ ധനസഹായം നൽകുന്നത്.
- 5 വയസ്സുവരെയുള്ള കുട്ടികളും, സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ ഡിഗ്രി തലത്തിൽ/ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.
- കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ബി .പി.എൽ വിഭാഗത്തിൽപ്പെടുന്നവരോ അല്ലെങ്കിൽ ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും നഗരപ്രദേശങ്ങളിൽ 22,375/- രൂപയിലും താഴെ വാർഷികവരുമാനമുള്ളവരായിരിക്കണം.
- വെള്ളക്കടലാസിലുള്ള അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം അപേക്ഷകർ അവരവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികൾ മുഖേന ഓൺലൈൻ ആയി അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപ വീതവും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും, 11,12 എന്നീ ക്ലാസ്സുകളിലും ഐ.ടി.ഐ, പോളിടെക്നിക്ക് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക്

പ്രതിമാസം 1000/- രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്. ഒരു അദ്ധ്യായന വർഷം പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്.

**<u>സമാശ്വാസം മാനദണ്ഡം:</u>**

**<u>സമാശ്വാസം I</u>**

1. അപേക്ഷകന്റെ ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ്.
2. രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധർ നൽകുന്ന ഡയാലിസിസ് ആരംഭിച്ച തീയതി കൂടി രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ്.
3. അപേക്ഷകന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്ക് പാസ്സ്ബുക്ക് , ആധാർകാർഡ് എന്നിവയുടെ പകർപ്പ് .
4. നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് (സി.ഡി.പി.ഒ) നൽകേണ്ടതുണ്ടതും, ബന്ധപ്പെട്ട ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം ഈ കാര്യാലയത്തിൽ അയക്കുകയും അർഹമായവർക്ക് ധനസഹായം നൽകുകയും ചെയ്യുന്നു.

**<u>സമാശ്വാസം - 2</u>**

വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി തുടർ ചികിത്സ നടത്തുന്നയാളാണെന്ന് ബന്ധപ്പെട്ട ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് , ഡിസ്ചാർജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഉൾപ്പെടെ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതും, ബന്ധപ്പെട്ട ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം ഈ കാര്യാലയത്തിൽ നൽകുന്നു. അർഹമായവർക്ക് ധനസഹായം നൽകുന്നു.

**<u>സമാശ്വാസം - III (ഹീമോഫീലിയ)</u>**

ഹീമോഫീലിയരോഗിയാണെന്ന് ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് , അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ് എന്നിവ ഉൾപ്പെടെ നിശ്ചിതഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷ ആവശ്യമായ പരിശോധന നടത്തി അർഹമായവർക്ക് ആനുകൂല്യം നൽകുന്നു.

**<u>സമാശ്വാസം പദ്ധതി IV (സിക്കിൾസെൽ അനീമിയ)</u>**

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ച ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതരാണ് ഗുണഭോക്താക്കൾ.
- അപേക്ഷകർ അരിവാൾ രോഗം (HBSS) ബാധിച്ചവരോ HBS Combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം.

ബന്ധപ്പെട്ട മെഡിക്കൽ കോളേജ് പത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടണ്ടതാണ്.

വയോമിത്രം

പ്രത്യേക മാനദണ്ഡം ഇല്ല

**താലോലം**

താലോലം പദ്ധതിയിലൂടെ ചികിത്സ ആവശ്യമുള്ള കുട്ടികൾ പദ്ധതി പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രിയെ സമീപിക്കേണ്ടതാണ്. പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി അർഹതാ മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും പ്രസ്തുത ആശുപത്രികളിൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അർഹതയുള്ള കുട്ടികളെ കൗൺസിലർമാർ മുഖേന പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതാണ്.

**മിഠായി**

- 18 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം പദ്ധതി ഗുണഭോക്താക്കൾ
- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2 ലക്ഷത്തിൽ താഴെയായിരിക്കണം
- അപേക്ഷകൻ/രക്ഷകർത്താവ് കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.
- ടൈപ്പ് 1 ഡയബറ്റിസ് രോഗ നിർണ്ണയത്തെ കുറിച്ചും പദ്ധതിയുടെ കീഴിൽ ശുപാർശ ചെയ്യുന്ന ചികിത്സാ രീതിയെ കുറിച്ചും എംപാനൽഡ് ഡോക്ടർ കുട്ടി/ കൗമാരക്കാർക്ക് സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- ചികിത്സ ആരംഭിക്കുന്നതിന് മുമ്പ് കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ ടി വിവരം അറിഞ്ഞുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.
- കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ റസിഡൻഷ്യൽ ഡയബറ്റിക് ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് തയ്യാറായിരിക്കണം.

## അനുബന്ധം-II

**ആശ്വാസകിരണം**

11.10.2012 ലെ സ.ഉ.(എം.എസ്)നം. 60/2012/സാക്ഷേവ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ , ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി , മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, 100% അന്ധത എന്നിവയ്ക്ക് പുറമേ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. പദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കാൻ ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് , ബാങ്ക്, ആധാർ വിവരങ്ങൾ ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്നേഹപൂർവ്വം പദ്ധതി :**

സ്നേഹപൂർവ്വം പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം 67627 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2022-23 അദ്ധ്യയന വർഷത്തെ അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**സമാശ്വാസം :**

നിലവിൽ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നത് പരിഗണിച്ചിട്ടില്ല.

**വയോമിത്രം**

പ്രത്യേക മാനദണ്ഡം ഇല്ല. നഗരപ്രദേശത്ത് താമസിക്കുന്ന 65 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് വയോമിത്രം പദ്ധതി ആനുകൂല്യം ലഭിക്കുന്നു.

**താലോലം**

താലോലം പദ്ധതി പ്രകാരം ഗുണഭോക്താക്കളെ ചേർക്കുന്നതിന് നിലവിൽ തടസ്സമില്ല.

**മിഠായി**

പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിന് നിലവിൽ തടസ്സമില്ല.

<u>അനുബന്ധം-I</u>

**ആശ്വാസകിരണം:-** കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരം പ്രതിമാസം 600 രൂപ നൽകി വരുന്നു. 2022-23 സാമ്പത്തിക വർഷം 42.5 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിലെ ആദ്യ ഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെ കുടിശ്ശികയും ബാക്കി 7 ജില്ലകളിൽ 4 മാസത്തെ കുടിശ്ശികയും ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് ധനസഹായമായി അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സ്നേഹപൂർവ്വം പദ്ധതി :**

സ്നേഹപൂർവ്വം പദ്ധതി പ്രകാരം 2018-19, 2019-20, 2020-21 എന്നീ അദ്ധ്യയന വർഷങ്ങളിലായി 26451 കുട്ടികൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി 14,91,25,500/- രൂപ കുടിശ്ശികയുണ്ട്.

**സമാശ്വാസം പദ്ധതി :**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന സമാശ്വാസം പദ്ധതി പ്രകാരം അനുവദിക്കേണ്ട കുടിശിക വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | കുടിശിക |
|---|---|---|
| സമാശ്വാസം 1 | 8617 | 12 മാസം |
| സമാശ്വാസം 2 | 1097 | 12 മാസം |
| സമാശ്വാസം - 3 | 1421 | 12 മാസം |
| സമാശ്വാസം 4 | 197 | ഇല്ല |

**വയോമിത്രം:**

വയോമിത്രം പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് പ്രത്യേക സാമ്പത്തിക ആനുകൂല്യം ഒന്നും നൽകുന്നില്ല.

**<u>താലോലം</u>:**

താലോലം. പദ്ധതിയ്ക്ക് കീഴിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് വേണ്ട ചികിത്സ ചെലവ് കണ്ടെത്തുന്നതിന് ബന്ധപ്പെട്ട ആശുപത്രികൾക്ക് മുൻകൂറായി പണം അനുവദിക്കുന്നുണ്ട്. നിലവിൽ ആശുപത്രികൾക്ക് ചെലവിനത്തിൽ നൽകാൻ കുടിശ്ശികയില്ല.

**മിഠായി:**

മിഠായി പദ്ധതിയിൽ നിലവിൽ കുടിശ്ശികയില്ല.